**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4214** | **09-08-2021 - ൽ മറുപടിയ്ക്ക്**

**എയ്‌ഡഡ് അധ്യാപകരുടെ നിയമനാംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് മേഖലയിലെ അധ്യാപകർക്ക് നിയമനാംഗീകാരം നൽകുന്നതിന് 2021-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | എയ്‌ഡഡ് സ്കൂളുകളിൽ 2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ അധ്യാപകബാങ്കിലുള്ള സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം,സംരക്ഷിതാധ്യാപക നിയമനവുമായി ബന്ധപ്പെട്ട കെ.ഇ.ആർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിയമനാംഗീകാരം ലഭിക്കാതെ തുടരുന്നവരുടെ നിയമനാംഗീകാരം എന്നിവ സംബന്ധിച്ച് 06.02.2021 ലെ സ.ഉ.(പി) നം. 4/2021/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരങ്ങൾ നൽകാൻ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകി. എയ്‌ഡഡ് സ്കൂളുകളിലെ റഗുലർ ഒഴിവുകളിൽ നടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ എച്ച്2/19500/2019/ഡി.ജി.ഇ. ഒഴിവുകളിൽ 15.07.2021 മുതൽനടത്തുന്ന നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ 06.07.2021 ലെ സ.ഉ.(സാധാ) നം. 3287/2021/പൊ.വി.വ. പ്രകാരം സർക്കാർ നിർദ്ദേശം നൽകി. ഈ സർക്കാർ ഉത്തരവ് സമന്വയ മുഖേന നടപ്പിലാക്കുന്നതിന് എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽ ഉത്തരവ് പ്രകാരം എയ്ഡഡ് മേഖലയിൽ എത്ര അധ്യാപകർക്ക് നിയമനാംഗീകാരം നല്കിയിട്ടുണ്ട്; ആയതിന്റെ എണ്ണം ജില്ല തിരിച്ച് നൽകാമോ; | (ബി) | ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) | ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകർ എത്ര പേരുണ്ടെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് കണക്ക് ലഭ്യമാക്കാമോ; | (സി) | നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഡി) | എയ്ഡഡ് മേഖലയിൽ എത്ര | (ഡി) | 2019-20 അധ്യയന വർഷത്തിൽ ആകെ 3386 |

| | | | |
|---|---|---|---|
| | സംരക്ഷിതാധ്യാപകരെ നിയമിക്കുന്നതിനാണ് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | | സംരക്ഷിത അധ്യാപകരാണ് ഉണ്ടായിരുന്നത്. 2020-21, 2021-22 എന്നീ അധ്യയന വർഷങ്ങളിൽ തസ്തിക നിർണ്ണയം നടത്താത്തതിനാൽ അധ്യപക ബാങ്ക് പുതുക്കിയിട്ടില്ല. അധ്യാപക ബാങ്കിലുള്ള എല്ലാ അധ്യാപകർക്കും സ്ഥിരമായോ/താത്ക്കാലികമായോ പുനർവിന്യാസം നൽകിയിട്ടുണ്ട്. ഏറ്റവും പുതിയ കണത്തനുസരിച്ച് 3035 സംരക്ഷിത അധ്യാപകരാണ് ബാങ്കിലുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം. I

| ക്രമ നം. | ജില്ല | നിയമനാംഗീകാരം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 25 |
| 2 | കൊല്ലം | 143 |
| 3 | പത്തനംതിട്ട | 26 |
| 4 | ആലപ്പുഴ | 35 |
| 5 | കോട്ടയം | 41 |
| 6 | ഇടുക്കി | 15 |
| 7 | എറണാകുളം | 74 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 127 |
| 10 | മലപ്പുറം | 683 |
| 11 | കോഴിക്കോട് | 91 |
| 12 | വയനാട് | 66 |
| 13 | കണ്ണൂർ | 171 |
| 14 | കാസർകോഡ് | 62 |
| | ആകെ | 1584 |

അനുബന്ധം II

| ക്രമ നം | ജില്ല | എച്ച്.എസ്.റ്റി | യു.പി.എസ്.റ്റി. | എൽ.പി.എസ്.റ്റി |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 137 | 233 | 65 |
| 2 | കൊല്ലം | 113 | 76 | 40 |
| 3 | പത്തനംതിട്ട | 95 | 9 | 1 |
| 4 | ആലപ്പുഴ | 167 | 124 | 81 |
| 5 | കോട്ടയം | 158 | 238 | 103 |
| 6 | ഇടുക്കി | 83 | 99 | 45 |
| 7 | എറണാകുളം | 223 | 259 | 119 |
| 8 | തൃശ്ശൂർ | 206 | 406 | 252 |
| 9 | പാലക്കാട് | 110 | 200 | 244 |
| 10 | മലപ്പുറം | 137 | 246 | 174 |
| 11 | കോഴിക്കോട് | 450 | 302 | 270 |
| 12 | വയനാട് | 16 | 58 | 23 |
| 13 | കണ്ണൂർ | 199 | 393 | 282 |
| 14 | കാസർകോഡ് | 63 | 79 | 47 |
| | ആകെ | 2157 | 2722 | 1746 |